**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 20** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഇറക്കുമതിത്തീരുവ വർദ്ധിപ്പിച്ച അമേരിക്കൻ നടപടിയുടെ പ്രത്യാഘാതങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇന്ത്യൻ ഉല്പന്നങ്ങൾക്കുള്ള ഇറക്കുമതിത്തീരുവ അൻപത് ശതമാനം വർദ്ധിപ്പിച്ച അമേരിക്കൻ നടപടി കേരളത്തിന്റെ പരമ്പരാഗത മേഖലയ്ക്ക് ഉണ്ടാക്കാനിടയുള്ള കനത്ത തിരിച്ചടി സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇറക്കുമതി തീരുവയിൽ യു.എസ്.എ വർദ്ധന വരുത്താൻ തയ്യാറെടുത്ത പ്പോൾതന്നെ ഇത് കേരളത്തിന്റെ സമ്പദ് ഘടനയിൽ, പ്രത്യേകിച്ച് കയറ്റുമതി മേഖലയിൽ ഉണ്ടാക്കാൻ ഇടയുള്ള പ്രത്യാഘാതങ്ങളെക്കുറിച്ച് ബഹു. പ്രധാനമന്ത്രിക്ക് ജൂലൈ 4, 2025ന് കത്ത് അയച്ചിരുന്നു. കത്തിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു.<br><br>ഇറക്കുമതി തീരുവ അമ്പത് ശതമാനമായി യു.എസ്.എ വർദ്ധിപ്പിച്ചതിനെ തുടർന്ന് കേരളത്തിന്റെ കയറ്റുമതി മേഖലയിൽ ഉണ്ടാകുന്ന ഇടിവും അത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതവും ചൂണ്ടിക്കാട്ടി അധിക ധനസഹായം ആവശ്യ<br>പ്പെട്ടുകൊണ്ട് പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷന് സെപ്റ്റംബർ 11, 2025 ന് കേരളം അഡീഷണൽ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്.<br><br>മേൽ സൂചിപ്പിച്ചതുപോലെ, ഇറക്കുമതിത്തീരുവ അൻപത് ശതമാനം വർദ്ധിപ്പിച്ചുകൊണ്ട് അടുത്തിടെ നിലവിൽ വന്ന അമേരിക്കൻ നടപടി, കേരളത്തിലെ സമ്പദ്-വ്യവസ്ഥയെ വളരെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഈ സാഹചര്യത്തിൽ 2025 ഓഗസ്റ്റ് 11-ന് കൊച്ചിയിൽ വ്യവസായ വകുപ്പ് മന്ത്രിയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ വിവിധ കയറ്റുമതി മേഖലകളിൽ നിന്നുള്ള പ്രതിനിധികളുമായി കെ.എസ്.ഐ.ഡി.സിയുടെ നേതൃത്വത്തിൽ യോഗം നടത്തിയിരുന്നു.<br><br>കേരളത്തിൽ നിന്ന് യു.എസ്-ലേയ്ക്ക് കയറ്റി അയയ്ക്കുന്ന പ്രധാനപ്പെട്ട 8 ഉൽപ്പന്നങ്ങളായ സുഗന്ധവ്യഞ്ജനങ്ങൾ, സമുദ്രോൽപ്പന്നങ്ങൾ, |

| | | | |
|---|---|---|---|
| | | | ഉണിത്തരങ്ങൾ/ റെഡിമെയ്ഡ് വസ്ത്രങ്ങൾ, പരവതാനികൾ (സിൽക്ക്, കൈകൊണ്ട് നിർമ്മിച്ചവ ഒഴികെ), തേയില, കയർ, റബ്ബർ ഉൽപ്പന്നങ്ങൾ (പാദരക്ഷകൾ ഒഴികെ), കശുവണ്ടി എന്നിവയുടെ കഴിഞ്ഞ മൂന്ന് വർഷത്തെ (2023, 2024, 2025 സാമ്പത്തിക വർഷങ്ങൾ) ശരാശരി കയറ്റുമതി മൂല്യം 4,503 കോടി രൂപയാണ് (510.56 ദശലക്ഷം യു.എസ് ഡോളർ).<br><br>യു.എസ് താരിഫ് വർദ്ധന കാരണം വ്യാപാരത്തിന്റെ അളവിൽ 40% മുതൽ 60% വരെ കുറവുണ്ടാകാൻ സാധ്യതയുണ്ടെന്ന് കണക്കാക്കുന്നു.<br><br>യു.എസ് താരിഫ് വർദ്ധനവ് കേരളത്തിലെ ഉൽപ്പന്നങ്ങളിൽ ചെലുത്തുന്ന സ്വാധീനം സൂചിപ്പിക്കുന്ന ഉൾപ്പന്നങ്ങളുടെ ഇനം തിരിച്ചുള്ള ഏകദേശ വിവരങ്ങൾ അനുബന്ധം II ആയി ചുവടെ ചേർക്കുന്നു. |
| (ബി) | പ്രസ്തുത നടപടി സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ഉണ്ടാക്കാനിടയുള്ള പ്രത്യാഘാതങ്ങൾ സംബന്ധിച്ച് പ്രത്യേകം വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (ബി) | സംസ്ഥാന ആസൂത്രണ ബോർഡ്, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ എന്നിവയിലെ വിദഗ്ധർ പ്രത്യാഘാതങ്ങൾ സംബന്ധിച്ച് പ്രാഥമിക വിലയിരുത്തൽ നടത്തിയിട്ടുണ്ട്. |
| (സി) | രാജ്യത്ത് ഏറ്റവും കൂടുതൽ സമുദ്രോല്പന്ന സംസ്കരണ കയറ്റുമതികളും അമേരിക്കയിലേയ്ക്ക് കയറ്റുമതിയുമുള്ള സംസ്ഥാനമെന്ന നിലയിൽ ഈ മേഖലയിൽ ഉണ്ടാകാനിടയുള്ള പ്രതിസന്ധി മറികടക്കാൻ എന്തെങ്കിലും ബദൽ പദ്ധതികൾ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | താരിഫ് വർദ്ധനവ് വരുത്തിയതിന് ശേഷം കയറ്റുമതി മേഖലയിലെ ചലനങ്ങൾ സർക്കാർ സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നു.<br><br>പ്രസ്തുത മേഖലകളിലെ വ്യവസായികളിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് ആവശ്യമായ അനുയോജ്യ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>ഇതര രാജ്യങ്ങളും ഇന്ത്യയുമായുള്ള ഉഭയകക്ഷി വ്യാപാര കരാറുകളിലെ അനുകൂല ഘടകങ്ങൾ വിശദമായി പരിശോധിച്ച് കേരളത്തിലെ കയറ്റുമതി മേഖലയുടെ വളർച്ചയ്ക്ക് പ്രസ്തുത വ്യവസ്ഥകൾ വിനിയോഗിക്കാനുള്ള സാധ്യതകൾ സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്. |
| (ഡി) | അമേരിക്കയിലേയ്ക്ക് കയറ്റുമതി ചെയ്യുന്ന സംസ്ഥാനത്തെ കാർഷികോത്പന്നങ്ങൾ, കയർ, കശുവണ്ടി, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയെ പ്രതിസന്ധിയിൽ നിന്നും കരകയറ്റാൻ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | സി പിരിവിലെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ

അനുബന്ധം I

GOVERNMENT OF KERALA

Pinarayi Vijayan

CHIEF MINISTER

D.O. No. 1617/2025/CM, Dated 04.07.2025

Dear Shri. Modi ji,

I write this letter to mention certain concerns regarding the crucial trade talks between the present United States Administration and the Government of India are under way.

The outcome of these talks will have substantial impact on commodity prices, State Domestic Products and consumption by the people. All of these have close linkages with the tax mobilisation capacity of States and of the Union. These will in turn affect the own tax revenues of States and the taxes received through devolution.

Kerala's concerns have already been highlighted in the letters written on July 2, 2025 to Union Ministers for Commerce & Industry and Agriculture & Farmers Welfare. Government of Kerala is very apprehensive about the likely U.S demand for substantial concessions in imports of agricultural and dairy products. Coconut, Rubber and plantation crops constitute the back bone of Kerala's economy and tariff variations in these and value added products can severely impact in State's economy.

We have already highlighted the fact that U.S. agriculture, characterised by large-scale mechanisation and substantial subsidies, contrasts sharply with India's smallholder-dominated system, supporting over 70 crore people. It is requested that since it involves the livelihood issues of large sections of our population, Hon'ble Prime Minister may kindly initiate steps to ensure effective consultations with State Governments in this regard before finalising any tariff agreement with the United States.

With regards,

Yours sincerely,

Pinarayi Vijayan

Shri. Narendra Modi
Hon'ble Prime Minister of India
152, South Block,
Raisina Hill, New Delhi - 110 011.

141, 3rd Floor, North Block
Government Secretariat
Thiruvananthapuram Pin 695001

T 0471 2333241, 2333812, 2333610 F 0471 2333489
E chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
www.keralacm.gov.in

Residence
Cliff House
T 0471 2318406, 2314853

**അനുബന്ധം II**

| യു.എസ് താരിഫ് വർദ്ധനവ് കേരളത്തിലെ ഉൽപ്പന്നങ്ങളിൽ ചെലുത്തുന്ന സ്വാധീനം | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | **ഇന്ത്യ** | | **കേരളം** | | | |
| | ഉൽപ്പന്ന വിഭാഗം | മുൻപത്തെ താരിഫ് (%) | പുതിയ താരിഫ് (%)** | ഇന്ത്യയുടെ മൊത്തം കയറ്റുമതിയിൽ യുഎസിനുള്ള പങ്ക് (%) | 2024–25 സാമ്പത്തിക വർഷത്തിൽ യുഎസിലേക്കുള്ള ഇന്ത്യൻ കയറ്റുമതിയുടെ മൂല്യം (ദശലക്ഷം യു.എസ് ഡോളറിൽ) | കയറ്റുമതിയുടെ 3 വർഷത്തെ ശരാശരി മൂല്യം (FY 2023, 2024, 2025) (കോടി രൂപയിൽ) | കയറ്റുമതിയുടെ 3 വർഷത്തെ ശരാശരി മൂല്യം (FY 2023, 2024, 2025) (ദശലക്ഷം യു.എസ് ഡോളറിൽ) | 2025–26 സാമ്പത്തിക വർഷം ഓഗസ്റ്റ് മുതൽ പ്രതിമാസം പ്രതീക്ഷിക്കുന്ന വ്യാപാര നഷ്ടം (ദശലക്ഷം യു.എസ് ഡോളറിൽ) | മുൻ വർഷത്തെ കണക്കുകളുടെ അടിസ്ഥാനത്തിൽ വരുന്ന സാമ്പത്തിക വർഷങ്ങളിൽ വ്യാപാരത്തിന്റെ അളവിൽ പ്രതീക്ഷിക്കുന്ന ശരാശരി കുറവ് (%) |
| | | | | | | | (a) | (a/12) | (b) |
| 1 | സുഗന്ധവ്യഞ്ജനങ്ങൾ | 0 | 50 | 22 | 457 | 1409 | 159.68 | 13.3 | 60% |
| 2 | സമുദ്രോൽപ്പന്നങ്ങൾ | 0 | 58.3 | 32.4 | 2000.00 | 1093 | 124.08 | 10.34 | 60% |
| 3 | തുണിത്തരങ്ങൾ/റെഡിമെയ്ഡ് വസ്ത്രങ്ങൾ | 9 | 59 | 48.4 | 3000.00 | 705 | 79.92 | 6.66 | 40% |
| 4 | പരവതാനി (കൈകൊണ്ട് നിർമ്മിച്ചവ, സിൽക്ക് ഒഴികെ) | 2.9 | 52.9 | 58.6 | 1200.00 | 455 | 51.57 | 4.29 | 50% |
| 5 | തേയില | 3 | 53 | 3 | 64.61 | 239 | 27.09 | 2.25 | 50% |
| 6 | കയർ | 2 | 52 | 25 | 102.56 | 272 | 30.82 | 2.56 | 50% |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 7 | റബ്ബർ ഉൽപ്പന്നങ്ങൾ (പാദരക്ഷകൾ ഒഴികെ) | 0 | 50 | 22 | 930.27 | 271 | 30.71 | 2.55 | 50% |
| 8 | കശുവണ്ടി | 3 | 53 | 3 | 10.176 | 59 | 6.69 | 0.557 | 60% |
| | | | | | 7764.616 | 4503 | 510.56 | 42.507 | |